POORNA
SINCE 1966

# ചായക്കുട്ടി


രചന: ഡോ.കെ.ശ്രീകുമാർ
ചിത്രീകരണം: സുധീർ.പി.വൈ

028.51
SRE/C
5230



പല നിറങ്ങളിൽ ചായപ്പെൻസിലുകൾ.ആളും അനക്കവുമില്ലാത്ത വീട്ടിൽ ചടഞ്ഞുകിടന്ന് അവർക്ക് മടുത്തു.


ചങ്ങാതിമാരേ, നമുക്കൊരു ചിത്രം വരച്ചാലോ എന്ന് നീലച്ചായപ്പെൻസിൽ.




പടം വരയ്ക്കാൻ കടലാസ് വേണ്ട
എന്ന് പച്ചച്ചായപ്പെൻസിൽ.




വെളുത്ത തറയുള്ളപ്പോൾ കടലാസെന്തിന്
എന്ന് മഞ്ഞച്ചായപ്പെൻസിൽ.




എന്നാൽപ്പിന്നെ വരച്ചു തുടങ്ങാമല്ലോ
എന്ന് നീലച്ചായപ്പെൻസിൽ.







ഞങ്ങൾ എപ്പോഴേ വരയ്ക്കാൻ തയ്യാറാണല്ലോ
എന്ന് ചങ്ങാതിച്ചായങ്ങൾ!



തവിട്ടു ചായപ്പെൻസിൽ വട്ടത്തിലൊന്ന് ഓടിവന്നു.

തറയിൽ ചന്തമുള്ളൊരു വട്ടം!





കൺപീലിയും തലമുടിയും
കറുപ്പിച്ചു, കറുപ്പു ചായപ്പെൻസിൽ.



നീലിച്ച കൃഷ്ണമണികൾ വരച്ചു, നീലച്ചായപ്പെൻസിൽ.


പച്ചച്ചായപ്പെൻസിൽ ഒന്നാന്തരം പച്ചപ്പാവാട അണിയിച്ചു.
മഞ്ഞച്ചായപ്പെൻസിൽ നീളൻ മഞ്ഞക്കുപ്പായം ധരിപ്പിച്ചു.



ഇത്തിരിവട്ടപ്പൊട്ടും പൂക്കുപ്പായവും ചുവപ്പു ചായപ്പെൻസിൽ വക.



028.51
8081.018
(SRE/K) CHA
5230



രണ്ടായി പിന്നിയ
മുടിയിൽ
വയലറ്റു
ചായപ്പെൻസിൽ
റിബൺ കെട്ടിച്ചു.

ഓറഞ്ചു ചായപ്പെൻസിൽ ഒന്നാന്തരം ഷാൾ പുതപ്പിച്ചു.
കണ്ണും മൂക്കും കൈകാലുകളും തവിട്ടു ചായപ്പെൻസിൽ വരച്ചിട്ടു.




വരച്ചു തീർന്നതും ചായപ്പെൻസിലുകൾ ഇത്തിരിപ്പൊക്കക്കാരായി!





‘‘സന്തോഷം കൊണ്ട് ഞങ്ങൾക്ക് ഇരിക്കാൻ വയ്യേ!’’
ചായപ്പെൻസിലുകൾ അവൾക്കു ചുറ്റും വട്ടമിട്ടു.

ചായപ്പെൻസിലുകളും
ചായക്കുട്ടിയും ആടിപ്പാടി.
''ഞാനൊരു ചായക്കുട്ടി,
അഴകിയ ചായക്കുട്ടി.''





ചായപ്പെൻസിലുകൾ
മാറിമാറി അവൾക്ക്
വരച്ചുകൊടുത്തു.
പുതിയ കുപ്പായങ്ങൾ,
പുതിയ റിബണുകൾ,
പുതിയ ഷാളുകൾ
പുതിയ പൊട്ട്,
പുതിയ മാല, കമ്മൽ....

വരച്ചുവരച്ച് ഇല്ലാതാവാറായി
ചായപ്പെൻസിലുകൾ.
എന്നിട്ടും അവർ ചായക്കുട്ടിക്കൊപ്പം
ആട്ടവും പാട്ടും തുടർന്നു!




പൂർണ പബ്ലിക്കേഷൻസ്
സചിത്ര
ബാലസാഹിത്യമാല


## ഡോ.കെ.ശ്രീകുമാർ

എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. മലയാള സാഹിത്യത്തിൽ എം.എ, എം.ഫിൽ, ബി.എഡ് ബിരുദങ്ങളും പത്രപ്രവർത്തനത്തിൽ പി.ജി.



ഡിപ്ലോമയും. മലയാള സംഗീതനാടകങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് ബിരുദം. കാൽ നൂറ്റാണ്ടുകാലത്തെ 'മാതൃഭൂമി' ജീവിതത്തിനുശേഷം 2016-ൽ സ്വയം വിരമിച്ചു. ബൃഹദ്ഗ്രന്ഥങ്ങളടക്കം 182 പുസ്തകങ്ങളുടെ കർത്താവാണ്. കേന്ദ്ര-കേരള സാഹിത്യഅക്കാദമി അവാർഡുകളടക്കം അറുപതോളം പുരസ്കാരങ്ങൾ നേടി. ഫോൺ: 9544246473

## സുധീർ.പി.വൈ

ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ ജനനം. പെയിന്റിങ്ങിൽ ബിരുദം. കുട്ടികൾക്കു വേണ്ടിയുള്ള



പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ചിത്രീകരണം നിർവ്വഹിച്ചു. 1999-ൽ കേരള ലളിത കലാ അക്കാദമി പുരസ്കാരം, 2012 ൽ 'ദിയാഗോ കോളൻ' എന്ന പുസ്തകത്തിന്റെ ചിത്രീകരണത്തിന് ഭീമ ബാലസാഹിത്യ അവാർഡ് എന്നിവ ലഭിച്ചു. അനിമേഷൻ രംഗത്ത് സജീവം. ഇപ്പോൾ സി-ഡിറ്റിൽ സീനിയർ ഡിസൈനറായി ജോലി ചെയ്യുന്നു. ഫോൺ: 9447524141


Design& Layout:
align.idea@gmail.com